(ബി) എങ്കിൽ നമ്മുടെ സംസ്ഥാനത്തിനുള്ള വിഹിതം എത്ര രൂപായാണ്;

(സി) നൽകേണ്ട തുകയെ സംബന്ധിച്ച് പ്ലാനിംഗ് കമ്മീഷൻ അന്ത്യതീരുമാനം എടുത്തു കഴിഞ്ഞോ?

മുഖ്യമന്ത്രി (ശ്രീ. സി. അച്യുതമേനോൻ):

(എ) കഴിഞ്ഞു..

(ബി) 258.40 കോടി രൂപയായിട്ടാണ് താൽക്കാലികമായി തീരുമാനിക്കപ്പെട്ടിട്ടുള്ളത്.

(സി) ഇല്ല. ഈ മാസം ഡൽഹിയിൽ കൂടുന്ന ദേശീയവികസന കൗൺസിലിൽ ഈ പ്രശ്നത്തെപ്പറ്റി അന്ത്യതീരുമാനം എടുക്കുമെന്നു പ്രതീക്ഷിക്കുന്നു.

Uustarred Question and Answer

ദേവസ്വം ഡിപ്പാർട്ടുമെൻറിന്റെ കീഴിലുള്ള ക്ഷേത്രങ്ങൾ

149 [585] ശ്രീ. എൻ. കെ. ബാലകൃഷ്ണൻ: താഴെകാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും കൃഷിയും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ദേവസ്വം ഡിപ്പാർട്ടുമെൻറിന്റെ കീഴിൽ ആകെ എത്ര ക്ഷേത്രങ്ങളുണ്ട്;

(ബി) ഇതിൽ ദ്രാവിഡ ഭരണകാലത്ത് നിർമ്മിച്ചിട്ടുള്ളവ എത്ര; ഏതെല്ലാം?

(സി) ഓരോ ക്ഷേത്രവും പണികഴിപ്പിച്ച ആണ്ട്, മാസം, തീയതി എന്നീ വിവരം നൽകുമോ;

(ഡി) ശ്രീ. പത്മനാഭസ്വാമിക്ഷേത്രത്തിൽ സ്വർണ്ണച്ചിരട്ടയിൽ നിവേദ്യം അർപ്പിച്ച് തുടങ്ങിയത് എന്നുമുതൽ;

(ഇ) ഇതിന്റെ പ്രാധാന്യം എന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ,ബി, സി, ഡി, ഇ): വിവരങ്ങൾ ശേഖരിച്ചുവരുന്നു.

CALLING ATTENTION UNDER RULE 61

Proposed Strike by the Govt. Primary School Teachers

മി. സ്പീക്കർ: ഓർഡർ, ഓർഡർ. ഗവൺമെൻറ് പ്രൈമറിസ്കൂൾ അദ്ധ്യാപകർ അവരുടെ ചില ആവശ്യങ്ങൾ അംഗീകരിച്ചു കിട്ടുന്നതിനുവേണ്ടി മാർച്ചുമാസം 16–ാം തീയതിമുതൽ പണിമുടക്കു നടത്തുവാൻ നിശ്ചയിച്ചിരിക്കുന്നതിനെ സംബന്ധിച്ച് ശ്രീ. ടി. കെ. രാമകൃഷ്ണൻ റൂം അറുപത്തൊന്നനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്. ശ്രീ. രാമകൃഷ്ണനു സംസാരിക്കാം.

9 A.M.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: കേരള ഗവൺമെൻറ് പ്രൈമറി അദ്ധ്യാപകർ മാർച്ച് 16–ാം തീയതി മുതൽ ഒരു പണിമുടക്കിലേക്ക് നീങ്ങുന്നതായും ആ പണിമുടക്ക് സമരമൂലം പരീക്ഷ അടുത്തിരിക്കുന്ന ഈ സന്ദർഭ

LIBRARY ARCHIVES Kerala Legislative Assembly

ത്തിൽ വളരെയേറെ ബുദ്ധിമുട്ട് ഉണ്ടാകാൻ ഇടയുണ്ടെന്നുള്ള കാര്യം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെടുത്താനാണ് ഞാൻ ഈ സ്റ്റേറ്റുമെൻറ് ഇവിടെ വച്ചത്. ഈ അദ്ധ്യാപകൻമാർ അൻപത് ആവശ്യങ്ങളാണ് സമർപ്പിക്കുകയുണ്ടായി. ഈ ആവശ്യങ്ങളിൽ പ്രധാനപ്പെട്ടവ, രാഷ്ട്രീയ പ്രവർത്തനസ്വാതന്ത്ര്യം അനുവദിക്കുക, ജായിൻറ് ടീച്ചേഴ്സ് കൗൺസിൽ രൂപീകരിക്കുക, ശമ്പളപരിഷ്ക്കരണത്തിലെ അപാകതകൾ പരിശോധിക്കുക, ഹയർഗ്രേഡ് ലഭിക്കാനുള്ള കാലം പത്തുകൊല്ലമായിട്ട് ചുരുക്കുക, പ്രൈമറിസ്ക്കൂൾ അദ്ധ്യാപകർക്ക് ഒരു പ്രത്യേക ഗ്രേഡ് അനുവദിക്കുക, വീട്ടുവാടക അലവൻസ് സാർവ്വത്രികമാക്കുക, പാർട്ടുടൈംകാരെ ഫുൾടൈമാക്കുക തുടങ്ങിയവയാണ്. ഈ ആവശ്യങ്ങൾ സമർപ്പിച്ചതിനു ശേഷം അവയിൽ പലതിനെസംബന്ധിച്ചും ഗവൺമെൻറ് ചർച്ച ചെയ്യുകയും ചിലവ നടപ്പാക്കാമെന്നും ചിലവ നടപ്പാക്കാൻ തൽക്കാലം ബുദ്ധിമുട്ടുള്ളതുകൊണ്ട് പിന്നീട് പരിഗണിക്കാം എന്നുമുള്ള മറുപടി ഗവൺമെൻറിന്റെ ഭാഗത്തുനിന്നും നൽകുകയുണ്ടായി. ആ മറുപടിക്കു ശേഷവും വീണ്ടും ഒരു തീരുമാനവും ഉണ്ടാകാത്തതിനെ തുടർന്നാണ് ഇപ്പോൾ അവർ ഒരു സമരത്തിന് തയാറായിട്ടുള്ളത്. ഡിസംബർ ഒന്നാംതീയതി സമരം തുടങ്ങുമെന്നതിന്റെ സൂചനാനിരാഹാര സത്യാഗ്രഹം അവർ മുമ്പു നടത്തുകയുണ്ടായി. അതിനു ശേഷം 8—12—1969—ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ അഡീഷണൽ സെക്രട്ടറിയും മറ്റുമായി ഈ ആവശ്യങ്ങളെ സംബന്ധിച്ച് അവർ ഒരു ചർച്ച നടത്തുകയും കൂടുതൽ ചർച്ചയ്ക്കു വേണ്ടി വിദ്യാഭ്യാസമന്ത്രി അവരെ വിളിക്കും എന്ന് മുഖ്യമന്ത്രി അവരോട് സൂചിപ്പിച്ചതായുമാണ് ഞാൻ മനസ്സിലാക്കുന്നത്. ഇങ്ങനെ 30—12—69 ൽ വിദ്യാഭ്യാസമന്ത്രി ഒരു കാൺഫറൻസ് വച്ചിട്ടുണ്ട് എന്നുള്ള വിവരങ്ങൾ അവരെ അറിയിച്ചിരുന്നുവെങ്കിലും പിന്നീട് ആ കാൺഫറൻസ് നടക്കുകയുണ്ടായില്ല. ആ കാൺഫറൻസ് നടക്കാത്തതിനെതുടർന്ന് ആ കാൺഫറൻസ് വിളിച്ച് പ്രശ്നം പരിഹരിക്കണമെന്നു അവരുടെ ആവശ്യം ഉന്നയിച്ചുകൊണ്ട് എ. ഇ. ഒ. ആഫീസുകൾക്കു മുമ്പിലും സെക്രട്ടറിയേറ്റു പടിക്കലും വീണ്ടും അവർ സത്യാഗ്രഹം നടത്തുകയുണ്ടായി. ആ സത്യാഗ്രഹപരിപാടികൾക്കെല്ലാം ശേഷവും കാൺഫറൻസ് വിളിച്ചില്ലെന്നു മാത്രമല്ല ഗവൺമെൻറ് അവരുടെ ഓരോ ആവശ്യങ്ങളെസംബന്ധിച്ചും ഗവൺമെൻറിന്റെ നിലപാട് വ്യക്തമാക്കുന്ന ഒരു മറുപടി നൽകുകയുമുണ്ടായി. 4—2—70 ൽ നൽകിയിട്ടുള്ള ആ മറുപടിയിൽ പല ആവശ്യങ്ങളെസംബന്ധിച്ചും തൃപ്തികരമല്ലാത്ത സമാധാനമാണ് ഗവൺമെൻറിന്റെ ഭാഗത്തുനിന്നും ഉണ്ടായത് എന്നുമാത്രമല്ല, ഏറ്റവും അപമാനകരമായി അവർക്കു തോന്നിയിട്ടുള്ള, അവരെ വളരെയേറെ വേദനിപ്പിച്ചിട്ടുള്ള ഒരു വാചകത്തോടെയാണ് ആ മറുപടി അവസാനിക്കുന്നത്. "Government wish to request the association not to make such demands in future." മേലിൽ ഇത്തരം ആവശ്യങ്ങൾ ഒന്നും ഉന്നയിക്കരുത് എന്നുള്ള മറുപടി രാജ്യവ്യാപകമായി പ്രവർത്തിക്കുന്ന സുസംഘടിതമായ ഒരു അദ്ധ്യാപകസംഘടനയ്ക്ക് കൊടുത്തത് പ്രത്യേകിച്ച് ഈ കാലഘട്ടത്തിൽ, ശരിയാണോ എന്നു പരിശോധിക്കണം. മുഖ്യമന്ത്രി പറഞ്ഞതു പ്രകാരം വിദ്യാഭ്യാസമന്ത്രി ഒരു കാൺഫറൻസ് വിളിച്ചുകൂട്ടുകയുണ്ടായില്ല. അതു നടത്തിയില്ലെന്നുമാത്രമല്ല പിന്നീട് ഒരു കാൺഫറൻസ് വിളിച്ചുകൂട്ടുന്നതിനുവേണ്ടി അവർ നടത്തിയിരുന്ന പ്രക്ഷോഭണത്തിനും ഫലമുണ്ടായില്ല. അവസാനം കൊടുത്തിരിക്കുന്ന മറുപടിയിൽ ഇത്തരം കാരണങ്ങൾ ഉന്നയിച്ചുകൊണ്ട് മെമ്മോറാണ്ഡങ്ങൾ സമർപ്പിക്കുവാൻ പാടില്ലെന്നാണ്. അതിനു മുമ്പ് ഉള്ള ഒരു വാചകത്തിൽ പറയുന്നത് നിങ്ങൾ നിങ്ങളുടെ ആവശ്യങ്ങളൊന്നും കാൺഫറൻസിൽ ഉന്നയിച്ചിട്ടില്ലെന്നാണ്. ഇപ്രകാരം അവർക്ക് ഒരു മറുപടി കിട്ടിയത് ഏറ്റവും മിതമായ ഭാഷയിൽ പറഞ്ഞാൽ പ്രതിഷേധാർഹവും ആക്ഷേ

LIBRARY ARCHIVES Kerala Legislative Assembly

പാർഹവുമായ മറുപടിയായിപോയി. ഇത്തരം മറുപടി ഗവൺമെൻറുഭാഗത്തുനിന്നും ഉണ്ടാകാൻ പാടില്ലാത്തതായിരുന്നു. അവർ പ്രകടിപ്പിച്ച മറെറാരു സംഗതി ശമ്പളപരിഷ്ക്കരണത്തിൻെറ അപാകതകളും തീർക്കുന്നതിനുവേണ്ടി വിവിധ സംഘടനകളെ വിളിച്ച് ഗവൺമെൻറ് പര്യാലോചിച്ച ഘട്ടത്തിലും അവരുടെ സംഘടനയെ അതിനുവേണ്ടി വിളിക്കുകയുണ്ടായില്ല.ഈയിടെ നടത്തിയിട്ടുള്ള വിദ്യാഭ്യാസ പരിഷ്ക്കാരങ്ങളും അവരുടെ ആവശ്യങ്ങൾക്ക് നിഷേധാത്മകമായ മറുപടി കൊടുത്ത സാഹചര്യത്തിൽ പ്രത്യേകിച്ചും അവർ ആകാംക്ഷിച്ചിരിക്കുകയാണ്. അദ്ധ്യയന സമയം കൂട്ടുക തുടങ്ങിയ വിദ്യാഭ്യാസ പരിഷ്ക്കാരങ്ങളും നടപ്പിൽ വരുത്തുന്നതിനു മുമ്പ് അതുമായി ബന്ധപ്പെട്ട സംഘടനകളെ വിളിച്ച് ചോദിക്കുക എന്നത് ന്യായമായ ഒരു കാര്യമായിരുന്നു. അവരോട് ചോദിക്കാതെ ഏകപക്ഷീയമായ ഇത്തരം തീരുമാനമെടുത്തത് അവരുടെ അദ്ധ്വാനഭാരം വർദ്ധിപ്പിക്കും എന്ന് അവർ സ്വാഭാവികമായി ചിന്തിക്കുകയും ചെയ്തു. അവരുടെ വാദങ്ങളും, കാൺഫറൻസും നടത്തുകയുണ്ടായിട്ടില്ല, അവരോട് ചോദിക്കാതെ ഏകപക്ഷീയമായിട്ടുള്ള വിദ്യാഭ്യാസ പരിഷ്ക്കാരങ്ങളും നടപ്പിൽവരുത്തി എന്നിവയാണ്. അത് അവർക്ക് കൂടുതൽ ഉപദ്രവം ഉണ്ടാകുമെന്ന് വിചാരിക്കുകയും ചെയ്തു. ഇത്തരം സാഹചര്യങ്ങളാണ് അവരെ പണിമുടക്കിലേക്ക് നയിച്ചത്. പതിനാറാം തീയതിമുതൽ പണിമുടക്ക് ആരംഭിക്കുമെന്നാണ് പറഞ്ഞിരിക്കുന്നത്. പരീക്ഷ അടുത്തിരിക്കുന്ന സന്ദർഭത്തിൽ വളരെയേറെ ബുദ്ധിമുട്ട് ഈ പണിമുടക്കുമൂലം ഉണ്ടാകും. അവരുടെ പ്രതിനിധികളെ വിളിച്ച് പ്രശ്ന പരിഹാരത്തിനു വേണ്ട നടപടി എടുത്ത് ഈ പണിമുടക്ക് ഒഴിവാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

Shri C. H. Mohammed Koya : I will make a statement tomorrow.

മി. സ്പീക്കർ: റൂൾ 61 അനുസരിച്ച് താഴെ പറയുന്ന നോട്ടീസുകൾ കിട്ടിയിട്ടുണ്ട്. അവ മേൽ നടപടിക്കു വേണ്ടി ഗവൺമെൻറിലേയ്ക്ക് അയച്ചു കൊടുക്കുന്നതാണ്.

(1) തിരുവനന്തപുരത്തെ സൈനികസ്ക്കൂളിൽ ഈ വർഷം ഫൈനൽ പരീക്ഷയ്ക്ക് ഹാജരാകേണ്ടുന്ന 53 വിദ്യാർത്ഥികളുടെ അപേക്ഷാഫാറം ബന്ധപ്പെട്ട സ്ഥാനങ്ങളിലേക്ക് തക്കസമയത്ത് അയച്ചുകൊടുക്കാത്തതിനാൽ പരീക്ഷയ്ക്ക് ഇരിക്കാനുള്ള സാദ്ധ്യതയില്ലാതെ വന്നിരിക്കുന്ന അടിയന്തിരവും പൊതുപ്രാധാന്യമുള്ളതുമായ പ്രശ്നം ഗവൺമെൻറിൻെറ ശ്രദ്ധയിൽ പെടുത്തുന്നതിന് ശ്രീ. കെ. മൊയ്തീൻകുട്ടിഹാജി നോട്ടീസ് നൽകിയിട്ടുണ്ട്.

(2) ഫാക്ടറിൻെറ കൊച്ചിയിലുള്ള ശാഖയിൽ സെക്യൂരിറ്റി വിഭാഗത്തിലും, ഫയർസർവ്വീസിലും ജോലിനോക്കുന്ന 160 ഓളം ജീവനക്കാരെ പിരിച്ചു വിട്ടുകൊണ്ട് സെൻട്രൽ ഇൻഡസ്ട്രിയൽ സെക്യൂരിറ്റി ഫോഴ്സ് ആക്ട് നടപ്പിലാക്കുവാനായി മാനേജുമെൻറ് നോട്ടീസ് നൽകിയിരിക്കുന്നതിനെപ്പറ്റി ഗവൺമെൻറിൻെറ അടിയന്തിരശ്രദ്ധ ക്ഷണിക്കുന്നതിന്വേണ്ടി ശ്രീ. ഇ. ബാലാനന്ദൻ ഒരു നോട്ടീസ് നൽകിയിട്ടുണ്ട്.

(3) സഹകരണ മേഖലയിലെ ഒരു പ്രധാന വ്യവസായ സ്ഥാപനമായ ചിറ്റൂർ പഞ്ചസാര ഫാക്ടറിയിലെ 400 ഓളം തൊഴിലാളികൾ 2–3–1970 മുതൽ ഒരു പൊതു പണിമുടക്കിൽ ഏർപ്പെട്ടിരിക്കുന്ന പൊതുപ്രാധാന്യമുള്ള പ്രശ്നം ഗവൺമെൻറിൻെറ ശ്രദ്ധയിൽ കൊണ്ടുവരുന്നതിന് ശ്രീ. ആർ. കൃഷ്ണൻ ശ്രീ. വി. കൃഷ്ണദാസ് എന്നിവർ ഒരു നോട്ടീസ് നൽകിയിട്ടുണ്ട്.

(4) ഹരിജനക്ഷേമ വകുപ്പിൻെറ കീഴിലുള്ള വെൽഫയർ ഹോസ്റ്റൽ ജീവനക്കാരുടെ പണിമുടക്കിനോട് അനുബന്ധിച്ച് എല്ലാ ഹോസ്റ്റലുകളിൽ

LIBRARY ARCHIVES Kerala Legislative Assembly

നിന്ന് ജീവനക്കാരെ പിരിച്ചുവിട്ടുകൊണ്ടിരിക്കുന്നതിൽ നിന്നും ഉളവായിരിക്കുന്ന പൊതുപ്രാധാന്യമുള്ള പ്രശ്നം ഗവൺമെൻറിൻെറ ശ്രദ്ധയിൽ കൊണ്ടുവരുന്നതിന് ശ്രീ. പി. കുഞ്ഞൻ ഒരു നോട്ടീസ് നൽകിയിട്ടുണ്ട്.

(5) 9-3-70 ൽ അർദ്ധരാത്രി സമയം ഒരു സംഘം ആളുകൾ സായുധരായി കോട്ടയത്തിനടുത്തു ആർപ്പൂക്കരയിലുള്ള ശ്രീ. ജോണിനെയും ഭാര്യയെയും കഠിനമായി പരിക്കേൽപ്പിച്ചതുമൂലം ആ പ്രദേശത്ത് നിലവിലുള്ള സംഘർഷാവസ്ഥയെ ഗവൺമെൻറിൻെറ ശ്രദ്ധയിൽപ്പെടുത്തുന്നതിന് ശ്രീ. എം. കെ. ജോർജ്ജ്, ശ്രീ. ഇ. അഹമ്മദ് എന്നിവർ ഒരു നോട്ടീസ് നൽകിയിട്ടുണ്ട്.

(6) കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ് താലൂക്കിലെ ആലക്കോട് പോലീസ് അതിർത്തിയിൽപ്പെട്ട കൃഷിക്കാരെ പോലീസിനെക്കൊണ്ട് ഒഴിപ്പിക്കുന്നതുമൂലം അവിടെ നിലവിലിരിക്കുന്ന ഭീതിജനകമായ അന്തരീക്ഷത്തെ ഗവൺമെൻറിൻെറ ശ്രദ്ധയിൽകൊണ്ടുവരുന്നതിന് ശ്രീ. കെ. പി. രാഘവപൊതുവാൾ ഒരു നോട്ടീസ് നൽകിയിട്ടുണ്ട്.

ഇതെല്ലാം ഗവൺമെൻറിൻെറ ശ്രദ്ധയ്ക്ക് അയച്ചുകൊടുത്തിട്ടുണ്ട്.

ശ്രീമതി. കെ. ആർ. ഗൗരി: സർ, ചോദ്യോത്തരസമയത്ത് പ്ലാൻേറഷൻ കാർപ്പറേഷനെക്കുറിച്ച് ഒരു ചോദ്യം ചോദിച്ചപ്പോൾ അങ്ങ് അനുവദിച്ചില്ല. ഒരു ചോദ്യം ചോദിച്ചപ്പോൾ മുഖ്യമന്ത്രി മറുപടി പറഞ്ഞു.; പ്ലാൻേറഷൻ കാർപ്പറേഷനിലെ നിയമനം മുൻ ഗവൺമെൻറിൻെറ കാലത്താണെന്ന്. ആ മറുപടിക്കുശേഷം ഒരു ചോദ്യം ചോദിക്കുന്നത് അനുവദിക്കാമോ അല്ലയോ എന്നതാണ് പ്രശ്നം. ഈ കാര്യത്തെസംബന്ധിച്ച് നിയമസഭയിൽ വളരെയേറെ ചൂടുപിടിച്ച വാദങ്ങൾ നടന്നിട്ടുള്ളതുകൊണ്ടാണ് പറഞ്ഞത്.

മി. സ്പീക്കർ: എനിക്ക് തെറ്റിദ്ധാരണയൊന്നുമില്ല.

FOURTH REPORT OF THE BUSINESS ADVISORY COMMITTEE, 1970

Shri T. K. Divakaran: Sir, I, Member of the Business Advisory Committee and leader of the House present the Fourth Report of the Business Advisory Committee in 1970.

Mr. Speaker: The Report is presented.

REPORT OF THE PUBLIC ACCOUNTS COMMITTEE

Shri K. Karunakaran: Sir, I, Chairman, Committee on Public Accounts present the Third Report of the Committee, 1969-70.

Mr. Speaker: The report is presented.

FINANCIAL BUSINESS

VOTING ON DEMANDS FOR GRANTS IN THE BUDGET FOR 1970-71

DEMAND XIII—POLICE, DEMAND XII—JAILS

Home Minister (**Shri C. H. Mohammed Koya**): Sir, I move that the Government be granted a sum of Rs. 7,30,92,100 under Demand XIII—Police

LIBRARY ARCHIVES Kerala Legislative Assembly